**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3463.** **20/06/2019-ന് മറുപടിക്ക്**

**ഭരണഭാഷ മാതൃഭാഷയാക്കുന്നതിലെ മെല്ലെപ്പോക്ക്**

| **ചോദ്യം**<br>**ശ്രീ.കെ. ദാസൻ** | **ഉത്തരം**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| --- | --- |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് ഭരണഭാഷ മാതൃഭാഷ ആക്കിയിട്ടുണ്ടെങ്കിലും ഇപ്പോഴും പല വകുപ്പുകളും ഇംഗ്ലീഷിൽ ഉത്തരവുകളിറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇംഗ്ലീഷിൽ സർക്കാർ ഉത്തരവുകൾ /സർക്കുലറുകൾ പുറത്തിറക്കുന്നത് നിർത്തലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | എല്ലാ സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിബന്ധനയ്ക്കു വിധേയമായി എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും **2017 മെയ്-1** മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, ജീവനക്കാർക്ക നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിയമന ഉത്തരവുകൾ എന്നിവ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്ന നിർദ്ദേശിച്ച കൊണ്ടും ഉത്തരവ്വ പുറപ്പെട്ടവിച്ചിട്ടുണ്ട്. |
| (സി) | ഭരണഭാഷ മാതൃഭാഷയാക്കുന്നതിൽ മെല്ലെപ്പോക്കു തുടരുന്ന വകുപ്പുകൾക്ക് സർക്കാർ കർശന നിർദ്ദേശം നൽകുമോ ; | (സി) | സംസ്ഥാനത്ത് വിവിധ ഓഫീസുകളിലെ ഭാഷാമാറ്റപുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിൽ നിന്നും ഭാഷാമാറ്റ പുരോഗതിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ ഔദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. |
| (ഡി) | ഇക്കാര്യങ്ങൾ നിരീക്ഷിക്കാൻ പ്രത്യേക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | (ഡി) | ഉണ്ട്. സംസ്ഥാനത്തിന്റെ ഭരണഭാഷ മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഔദ്യോഗികഭാഷാ ഉന്നതതലസമിതി 6 മാസത്തിലൊരിക്കലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഔദ്യോഗികഭാഷാ സമിതി നാല്പ മാസത്തിലൊരിക്കലും യോഗം ചേർന്ന് ഭാഷാമാറ്റപുരോഗതി വിലയിരുത്തുകയും തുടർപദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാതലത്തിലുള്ള ഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപനസമിതികൾ 3 മാസത്തിലൊരിയ്ക്കൽ യോഗം ചേരുന്നുണ്ട്. ഇവ കൂടാതെ വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ജില്ലാതല മേധാവി അദ്ധ്യക്ഷനായ ഔദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതലസമിതി 2 മാസത്തിലൊരിക്കലും വകുപ്പുതലമേധാവി അദ്ധ്യക്ഷനായ വകുപ്പുതല ഏകോപനസമിതി, വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ വകുപ്പുതലസമിതി എന്നിവ 3 മാസത്തിലൊരിക്കലും യോഗം ചേർന്ന് ഭാഷാമാറ്റം അവലോകനം ചെയ്യാറുണ്ട്. ഈ സമിതികൾ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിവിധ തലത്തിൽ പരിശോധിയ്ക്കുകയും ഭാഷാമാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ, ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പുതലത്തിൽ പരിശോധനകളും നടത്തിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**